# സമസ്തക്ക് പാരമ്പര്യമോ..?

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

മാലിക്ബ്നു ദീനാറിന്റെ കാലം മുതൽ ഇങ്ങോട്ട് നൂറ്റാണ്ടു പതിനാലായി പാരമ്പര്യമായി കൈമാറി വന്ന വിശ്വാസാചാരങ്ങളാണ് തങ്ങളുടെ കൈവശമുള്ളതെന്നും അതിനാൽ തങ്ങളാണ് സുന്നത്ത് ജമാഅത്തെന്നുമാണല്ലോ കേരള സമസ്തയുടെ വാദം. ഇവരുടെ വിശ്വാസാചാരങ്ങൾ ഇസ്‌ലാമികമല്ലെന്നും ക്വുർആനിന്റെയും ഹദീസിന്റെയും അധ്യാപനങ്ങളുടെ പിൻബലം അവർക്കില്ലെന്നും മുജാഹിദുകൾ അതിശക്തമായി നാടുനീളെ പ്രചരിപ്പിച്ചപ്പോൾ അതിനുമുമ്പിൽ പിടിച്ചുനിൽക്കാനുള്ള അവസാന ശ്രമമാണ് പാരമ്പര്യവാദം. തങ്ങളാണ് സുന്നത്ത് ജമാഅത്ത് എന്ന് സ്ഥാപിക്കാനായി ധാരാളം ആയത്തുകളും ഹദീഥുകളും ഒക്കെ കോട്ടിമാട്ടിയും ദുർവ്യാഖ്യാനിച്ചും ഒപ്പിക്കാൻ ശ്രമിച്ചെങ്കിലും അതൊന്നും ഫലപ്പെടുന്നില്ലെന്ന് ബോധ്യമായപ്പോഴാണ് പത്തൊമ്പതാമത്തെ അടവുമായി ഇവർ ഇറങ്ങിയിരിക്കുന്നത്.

അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കാൻ ആയത്തുണ്ടോ എന്ന മുജാഹിദുകളുടെ ആവർത്തിച്ചുള്ള ചോദ്യത്തിന് മറുപടി പറയാനാകാതെ പിച്ചും പേയും പറഞ്ഞൊപ്പിച്ചിരുന്ന ഇവരുടെ മുൻഗാമികളെ ചവിട്ടിതെറിപ്പിച്ചു കൊണ്ടാണ് കാരന്തൂർ മർക്കസ് കൂടാരത്തിലെ ചില സഖാഫികൾ ആയത്തുകളെ എങ്ങിനെ ദുർവ്യാഖ്യാനിക്കാമെന്ന ഗവേഷണവുമായി രംഗത്ത് വന്നത്. അങ്ങനെ അലിയ്യുബ്നു അബൂത്വാലിബിനെ വലിയ്യാക്കാൻ ഇവരുടെ പൂർവ്വികരായ ശിയാക്കൾ ദുർവ്യാഖ്യാനിച്ച ആയത്തുമുതൽ, മുൻകഴിഞ്ഞ പ്രവാചകന്മാർ മുഴുവൻ പഠിപ്പിച്ചത് അല്ലാഹുവിനെ മാത്രം ആരാധിക്കാനാണ് എന്ന തൗഹീദ് വിളംബരം ചെയ്യുന്ന ആയത്ത് വരെ ഏത് ഭ്രാന്തന്മാരെയും വിളിച്ച് പ്രാർത്ഥിക്കാനുള്ള തെളിവുകളായി അവതരിപ്പിക്കപ്പെട്ടു. കല്ലുകളെയും മരങ്ങളെയും പോലും അവലംബിക്കുന്ന ക്വുബൂരി പൊതുജനങ്ങൾക്ക് അതിനും ആയത്തുകളുടെ പിൻബലമുണ്ടെന്ന് പറഞ്ഞുകൊടുക്കുന്ന സഖാഫീ മൊല്ലമാർ രംഗത്ത് വന്നു. എന്നാൽ ഇവർ ഓരോ ആയത്ത് കണ്ട് പിടിച്ച് കൊണ്ടു വരുമ്പോഴും മുജാഹിദുകൾ ചോദിച്ചത് ഈ ആയത്ത് അതിന് തെളിവാണെന്ന് നിങ്ങൾക്ക് മുമ്പ് ആര് പറഞ്ഞു എന്നായിരുന്നു. കുറ്റിച്ചിറയിലും കൊട്ടപ്പുറത്തും 'വസ്അൽ മൻ അർസൽനാ' എന്ന് തെളിവോതിയപ്പോൾ മുജാഹിദുകൾ ചോദിച്ച അതേ ചോദ്യം പിന്നീട് ഓരോ സംവാദങ്ങളിലും പുതിയ പുതിയ തെളിവുകളുമായി ഇവർ വന്നപ്പോഴൊക്കെ ആവർത്തിച്ചു ചോദിക്കുകയുണ്ടായി. അവസാനം 'ഉൻളുർനാ' എന്ന ഒരു വാക്കിൽ തൂങ്ങി രക്ഷപ്പെടാൻ ചില അഹ്സനിമാർ ശ്രമിച്ചപ്പോഴും മുജാഹിദുകൾ ചോദിച്ചത് ഇതേ ചോദ്യം തന്നെയായിരുന്നു. എന്നാൽ ഇവർ ഓതിക്കൊണ്ടിരിക്കുന്ന ആയത്തുകൾ ഇവർ പറയുന്ന ആശയത്തിനാണ് എന്ന് പറഞ്ഞ ഒരു ആധികാരിക ക്വുർആൻ വ്യാഖ്യാതാവിനെപ്പോലും കാണിക്കാൻ ഇവരെക്കൊണ്ട് ഇന്നുവരെ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല, സ്വന്തം നേതാക്കൾ തന്നെ എഴുതിയ ക്വുർആൻ പരിഭാഷകളിൽപോലും അത്തരം ഒരു സൂചനപോലും കാണാൻ സാധിക്കുന്നില്ല. അവസാനം പേരോട്ടുകാരൻ സഖാഫിക്ക് പറയേണ്ടി വന്നു ഞാനം ഗീകരിക്കുന്ന ഒരൊറ്റ പരിഭാഷയും ഇല്ല അവർക്കാർക്കും മൂലഗ്രന്ഥത്തോട് കൂറുപുലർത്താൻ സാധിച്ചിട്ടില്ല എന്ന്.  കേരള മുസ്‌ലിംകളിൽ ഇക്കാലത്തിനിടക്ക് ആകെ അറബി കൃത്യമായി അറിയാവുന്ന ഒരാളുള്ളത് ഇയാൾ മാത്രം എന്നർത്ഥം!!!

ഇങ്ങനെ നൂറ്റാണ്ട് പതിനാലു കാലത്തെ മുഴുവൻ മുൻഗാമികളേയും ഒന്നിച്ച് തള്ളിയ ഇവരാണ് ഇപ്പോൾ പാരമ്പര്യവാദവുമായി രംഗത്ത് വന്നിരിക്കുന്നത്. ചേളാരി ഖുറാഫികൾ പണ്ടേ എഴു

തി. ഇവരുടെ പാരമ്പര്യം ചെന്നെത്തുന്നത് ഇ.എം.എസ്, രാജഗോപാൽ, എസ്.ബി. ചവാൻ.....തുടങ്ങിയവരിലേക്കാണെന്ന്. ഇനി പാരമ്പര്യം ഉണ്ട് എന്ന് തെളിയിക്കാനായി ഇവർ ചെയ്യുന്നതോ പൊന്നാനിയിലെയും കൊടുങ്ങല്ലൂരിലെയും ഒക്കെ പള്ളികൾ ഫ്ളക്സ് ബോർഡിലേക്ക് പകർത്തി ഇവിടെയൊക്കെ ഇപ്പോഴും ഖുതുബ അറബിയിലാണെന്നും പെണ്ണിന് പ്രവേശനമില്ലെന്നുമുള്ള ബഡായികളാണ്. കേട്ടാൽ തോന്നും പണ്ടുമുതലേ അവിടെ ഈ നിലപാട് തന്നെയാണുള്ളതെന്ന്.  ഇക്കഴിഞ്ഞ അഞ്ചെട്ട് കൊല്ലം മുമ്പുവരെ കൊടുങ്ങല്ലൂർ പള്ളിയിൽ മലയാള ഖുതുബയാണുണ്ടായിരുന്നതെന്നും അതിന് ശേഷം പേരോട് മുസ്ലിയാർ തന്റെ കുതന്ത്രങ്ങൾ നടപ്പാക്കി അന്നുവരെയുള്ള പാരമ്പര്യം തള്ളി ഒരു പുത്തൻരൂപം കൊണ്ടുവരികയായിരുന്നു എന്ന് അറിയാത്തവർ ഇന്ന് കേരളത്തിൽ കുറവാണ്. ദശകങ്ങൾക്ക് മുമ്പ് മലയാളത്തിൽ ഖുതുബ നടത്താനും ദർസ് നടത്താനും പ്രാപ്തനായ 40നും 60 നും മദ്ധ്യേ പ്രായമുള്ള സുന്നി ഖതീബിനെ ആവശ്യമുണ്ട് എന്ന് കൊടുങ്ങല്ലൂർ പള്ളിയുടേതായി വന്ന പത്രപരസ്യങ്ങൾ ഈയുള്ളവന്റെ കയ്യിൽ പോലുമുണ്ട്. ആ ഖുതുബ ശ്രദ്ധിക്കാൻ സ്ത്രീകൾക്കും അവസരമുണ്ടായിരുന്നു എന്നുതന്നെ വേണം നാം മനസ്സിലാക്കാൻ. കാരണം മാലിക് ദീനാറും സംഘവും മാടായിയിൽ പള്ളി നിർമ്മിച്ചപ്പോൾ അവിടുത്തെ അമുസ്ലിംകൾ പോലും ആ പള്ളിയെക്കുറിച്ച് പാട്ടുപാടിയത് ഇപ്രകാരമായിരുന്നു.

*മക്കത്തെ പള്ളിക്ക് ഒപ്പിച്ച പള്ളി*
*മലനാട്ടിൽ ഒരു പള്ളി മാടായിപ്പള്ളി*

അവരുടെ പള്ളികളൊക്കെ മക്കത്തെ പള്ളിക്ക് ഒപ്പിച്ചിട്ടായിരുന്നു എന്ന് ചുരുക്കം. മാലിക് ദീനാറും സംഘവും മാതൃകയാക്കിയ മക്കത്തെ പള്ളിയിൽ അന്നുതൊട്ട് ഇന്നുവരെയും ഖുതുബ മാതൃഭാഷയിലാണെന്നതിലും അതിൽ പങ്കെടുക്കാൻ സ്ത്രീകൾക്കും അവസരമുണ്ടെന്നതിലും ആർക്കും തർക്കമില്ലല്ലോ. പിന്നീട് ഇടക്കാലത്ത് കൊടുങ്ങല്ലൂരിൽ ചില സമസ്ത മൊല്ലമാർ ആ മഹിത പാരമ്പര്യം തള്ളി പുത്തനാശയം തിരുകിക്കയറ്റുകയാണുണ്ടായതെന്ന് വ്യക്തം. അത് കൊണ്ടാണല്ലോ ഫ്ളക്സ് സ്ഥാപിക്കുന്നവർക്ക് പോലും ലോകത്തെ ആദ്യത്തെ പള്ളിയുടെ ചിത്രം പ്രദർശിപ്പിച്ചിട്ട് പാരമ്പര്യം അവകാശപ്പെടാൻ ധൈര്യമില്ലാതെ പോയത്.

മമ്പുറം തങ്ങളും മകൻ ഫസൽ പൂക്കോയതങ്ങളും മമ്പുറം പള്ളിയിൽ മലയാളത്തിലാണ് ഖുതുബ നിർവ്വഹിച്ചിരുന്നത് എന്ന് അവരുടെ ചരിത്ര പുസ്തകത്തിൽ നിന്ന് വ്യക്തമാകുന്നു. സമസത്ക്കാർ ബഡാ ശൈഖുനായായി പരിചയപ്പെടുത്തുന്ന പള്ളിപ്പുറം യൂസുഫ് മുസ്ലിയാർ ഉപ്പാപ്പ, ചാപ്പനങ്ങാടി ബാപ്പു മുസ്ലിയാരുടെ പിതാവ് ഹസ്സൻ മുസ്ലിയാർ എന്നിവർ മലയാളത്തിലാണ് ഖുതുബ നിർവ്വഹിച്ചിരുന്നത് എന്ന് സംസ്ഥാന സുന്നികളുടെ നേതാവ് എ. നജീബ് മൗലവി എഴുതിയ ഖുതുബ ഭാഷയും പരിഭാഷയും എന്ന പുസ്തകത്തിൽ പറയുന്നു. ഇങ്ങനെ പാരമ്പര്യമായി തുടർന്നു പോന്ന മാതൃഭാഷയിലുള്ള ഖുതുബയെ 1947 മാർച്ച് മാസത്തിൽ സമസ്ത പാസ്സാക്കിയ മീഞ്ചന്ത  പ്രമേയത്തിലൂടെ അട്ടിമറിച്ചിട്ടാണ് ഖുതുബ അറബീകരിച്ചത്. ആ കാലങ്ങളിൽ പല പ്രദേശങ്ങളിലും സ്ത്രീകൾ ജുമുഅക്ക് പങ്കെടുത്തിരുന്നു എന്നതും അലിഖിത ചരിത്രമാണ്. ഇനിയും പാരമ്പര്യം പറഞ്ഞു സുന്നത്ത് ജമാഅത്താണ് തങ്ങളെന്ന് സ്ഥാപിക്കാൻ നടക്കുന്നവരോട് ചോദിക്കട്ടെ.

മുഹ്യിദ്ദീൻ മാലയാണല്ലോ മാലപ്പാട്ടുകളിൽ ഒന്നാമത്തെ സൃഷ്ടി. അതാവട്ടെ നാനൂറ് കൊല്ലം മുമ്പ് കോഴിക്കോട്ടുകാരൻ ഖാളി മുഹമ്മദ് ഉണ്ടാക്കിയതും (ഖാളി മുഹമ്മദിന്റെ പേരിൽ മറ്റാരോ ഉണ്ടാക്കി പ്രചരിപ്പിച്ചതാണെന്നും അഭിപ്രായമുണ്ട്) മാലിക് ദീനാറും സംഘവും വന്ന കാലത്ത് അവർ കൊണ്ടുവന്നതോ അവർ ചൊല്ലിയതോ ആയ ഒരു മാലപ്പാട്ട് പോലും ഇല്ലെന്നിരിക്കെ അത് പാടുന്നവന് എന്തുപാരമ്പര്യമാണ് അവകാശപ്പെടാനുള്ളത് ?

300 കൊല്ലം മുമ്പെ തമിഴ്നാട്ടുകാരൻ ഉണ്ടാക്കിയ ഖുതുബിയ്യതും 800 കൊല്ലം മുമ്പുണ്ടായ ബുർദയും 600 കൊല്ലം മുമ്പുണ്ടായ നാരിയ്യ സ്വലാത്തും എന്നുണ്ടായി എന്നോ ആരുണ്ടാക്കി എന്നോ അറിയാത്ത മൻഖൂസ് ശർറഫൽ അനാം തുടങ്ങിയ മൗലിദുകളും തൃശൂർകാരൻ സഖാഫിയുണ്ടാക്കിയ കമാലിയ്യാ സ്വലാതും ഒക്കെ ദീനിന്റെ ആചാരങ്ങളായി കൊണ്ടുനടക്കുന്നവന് എന്തു പാരമ്പര്യമാണ് അവകാശപ്പെടാനുള്ളത്. മാലിക് ദീനാറും സംഘവും പത്തു പള്ളിയുണ്ടാക്കിയെങ്കിൽ, അവരുണ്ടാക്കിയ ഒരു ജാറം പോലും കാണാൻ സാധിക്കുന്നില്ല. അവർക്ക് പരിചയമില്ലാത്ത ജാറങ്ങളും ജാറപ്പരിപാടികളും കൊണ്ടു നടക്കുകയും അവരുടെ കാലത്ത് സ്വപ്നം കാണുകപോലും ചെയ്യാത്ത നബിദിനാഘോഷവും ജീലാനി ഫെസ്റ്റും നൈറ്റും അതോടനുബന്ധിച്ചുള്ള മറ്റു ആഘോഷങ്ങളും ഉറൂസും നേർച്ചയും പെട്ടിവരവും ബാന്റ് വാദ്യവും കരിമരുന്നും ഗജവീരന്മാരുടെ എഴുന്നള്ളിപ്പും ജാറം മൂടലും മുത്തലും മണക്കലും നക്കലും അല്ലാഹു അല്ലാത്തവർക്കുള്ള നേർച്ചപ്പെട്ടിയും സിവിൽ-ക്രിമിനൽ റാത്തീബുകളും മറ്റും കൊണ്ടുനടക്കുകയും അതെല്ലാം സുന്നത്ത് ജമാഅത്തായും അത് അംഗീകരിക്കാത്തവരെ ബിദ്അത്തുകാരായും വിശ്വസിക്കുന്നവർക്ക് എന്ത് പാരമ്പര്യമാണ് അവകാശപ്പെടാനുള്ളത്. അല്ലെങ്കിൽ അവരാരെങ്കിലും അതൊക്കെ നടപ്പാക്കിയിട്ടുണ്ട് എന്ന് തെളിയിക്കപ്പെടേണ്ടതുണ്ട്. അതില്ലാത്ത കാലത്തോളം എത്ര ഫ്ളക്സ് ബോർഡുകൾ വെച്ചാലും കേരള ഖുബൂരികൾ പുത്തൻവാദികൾ തന്നെ എന്ന യാഥാർത്ഥ്യം നില നിൽക്കുകതന്നെ ചെയ്യും.

ഒരു നബിവചനം നമുക്കിപ്രകാരം വായിക്കാം.

“ഏതൊരു പ്രവാചകൻ നിയോഗിക്കപ്പെടുമ്പോഴും ആ പ്രവാചകന്റെ പാത അപ്പടി പിൻപറ്റുന്ന ഒരു വിഭാഗം ഉണ്ടാവാറുണ്ട്. എന്നാൽ ശേഷം ചില തലമുറകൾ വരും. അവർ ചെയ്യാത്ത കാര്യം അവകാശപ്പെടുകയും കൽപനയില്ലാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യും...” *(മുസ്‌ലിം)*

അത് അപ്പടി അന്വർത്ഥമാക്കുകയല്ലേ മുഴുവൻ പുത്തനാചാരങ്ങളും കൊണ്ടുനടക്കുകയും എന്നാൽ തങ്ങൾക്കാണ് ഇസ്‌ലാമിക പാരമ്പര്യമെന്ന് അവകാശവാദം ഉന്നയിക്കുകയും ചെയ്യുന്ന സമസ്തക്കാർ.